മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) കൃഷിക്കും ഔഷധ സസ്യവ്യാപനത്തിനുമായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് ധനസഹായം നൽകിവരുന്നുണ്ട്. വാദ്യസംഗീത, ശില്പകല തുടങ്ങിയവ സംരക്ഷിക്കുവാൻ കേരള ഫോക്‌ലോർ അക്കാഡമി നാട്ടറിവുകൾ പ്രത്യേക പുസ്തകരൂപത്തിൽ ക്രോഡീകരിക്കുവാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പരമ്പരാഗത നാട്ടറിവുകൾ സംബന്ധിച്ചുള്ള പുസ്തകങ്ങളും താളിയോലകളും അക്കാദമി ലൈബ്രറിയിലും മ്യൂസിയത്തിലും സൂക്ഷിച്ചിട്ടുള്ളതുമാണ്. മൃഗ പരിപാലന ത്തിലെ നാട്ടറിവുകൾ കിർത്താഡ്സിൽ ശേഖരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ചികിത്സാരീതികൾ പാരമ്പര്യമായി കൈമാറുന്നതാകയാൽ ആയതു സംരക്ഷിക്കുവാനായി വൈദ്യന്മാർക്ക് പരിശീലനവും ധനസഹായവും നൽകുന്നുണ്ട്.

(ബി) സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഈ ബോർഡിന്റെ കീഴിൽ മറ്റു കാര്യവ്യത്തികളോടൊപ്പം നാട്ടറിവുകൾ സമാഹരിക്കുവാനുള്ള ശ്രമം ഉണ്ടായിരിക്കുന്നതാണ്.

(സി) ഇക്കാര്യത്തിൽ കോഴിക്കോട്ടുള്ള കീർത്താഡ്സുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) ഇതിനുള്ള പദ്ധതി ഇപ്പോൾ തന്നെ നിലവിൽ ഉള്ളതാണ്.

(ഇ) സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഒരു പേറ്റന്റ് ഇൻഫർമേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതു മുഖേന പേറ്റന്റുകളെപ്പറ്റിയുള്ള അവബോധനം, പേറ്റന്റ് സെർച്ചിനുള്ള സംവിധാനം എന്നിവ ചെയ്തുവരുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിനുള്ള വികസന പദ്ധതികൾ

1 [3370] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ധനകാര്യവകുപ്പ് മന്ത്രിയും റയിൽവേ വകുപ്പ് മന്ത്രിയും 2004-05 വർഷത്തേക്ക് പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിലെ വികസന പദ്ധതി നിർദ്ദേശങ്ങളിൽ കേരളാ ഗവൺമെന്റ് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന വികസന പദ്ധതി കൾ എല്ലാം ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനം കേന്ദ്രത്തിൽ ഉന്നയിച്ചുകൊണ്ടിരുന്ന ഏതെല്ലാം ആവശ്യ ങ്ങളാണ് രണ്ട് ബഡ്ജറ്റുകളിലും പരിഗണിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഡ്ജറ്റുകളിൽ പൂർണ്ണമായും പരിഗണിക്കപ്പെടാതെപോയിട്ടുള്ള സംസ്ഥാനത്തിന്റെ പൊതുവായ ആവശ്യങ്ങൾ ഏതെല്ലാമാണ്; പാർലമെന്റിൽ ബഡ്ജറ്റ് പാസ്സാക്കുന്നതിനുമുൻപായി അവ എം. പി.-മാരുടെ ശ്രദ്ധയിൽകൊണ്ടു വന്നിട്ടുണ്ടോ;

(ഡി) പ്രസ്തുത ഏതെല്ലാം വികസന ആവശ്യങ്ങളാണ് സംസ്ഥാന ഗവണ്മെന്റ് എം. പി.-മാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എല്ലാം ഉൾപ്പെട്ടിട്ടില്ല.

(ബി) വിദേശ ഏജൻസികളിൽനിന്നും സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന ധനസഹായം 'ബാക്ക് ടു ബാക്ക്' അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റിന് ലഭ്യമാക്കണം, വല്ലാർപാടം പദ്ധതി നടപ്പിലാക്കണം, പാമോയിലിന്റെ ഇറക്കുമതി ഡ്യൂട്ടി വർദ്ധിപ്പിക്കണം, ആർ. ഐ. ഡി. എഫ്. തുടരണം, വിദ്യാഭ്യാസ ലോണുകൾക്ക് കൊളാറ്ററൽ സെക്യൂരിറ്റി ആവശ്യമാക്കരുത്, ഗ്രാമീണ ബാങ്കുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം, റെയിൽവേ പാതകളുടെ ഇരട്ടിപ്പിക്കൽ, ഗേജ് മാറ്റം, റെയിൽവേ ലൈനുകളുടെ വൈദ്യുതീകരണം തുടങ്ങിയ ആവശ്യങ്ങൾ പരിഗണിക്കപ്പെട്ടതായി കാണുന്നു:

(സി & ഡി) പരിഗണിക്കപ്പെടാതെപോയ ആവശ്യങ്ങളിൽ പ്രധാനമായവ താഴെ പറയുന്നവയാണ്.

1. 50,000 രൂപയ്ക്കുമുകളിലുള്ള കാർഷിക കടങ്ങൾ എഴുതി തള്ളുക.
2. കാർഷിക കടങ്ങൾക്ക് പലിശയിളവ് അനുവദിക്കുക.
3. നാഷണൽ ഹൈവേ നാലുവരിപാതയാക്കുക.
4. കെൽട്രോൺ കേന്ദ്രം ഏറ്റെടുക്കുക.
5. ശബരിമല വികസനത്തിന് കൂടുതൽ വനഭൂമി അനുവദിക്കുക.
6. ബഡ്ജറ്റ് എയർ ലൈൻ യാഥാർത്ഥ്യമാക്കുക.
7. കോഴിക്കോട് വിമാനത്താവളത്തിന് അന്താരാഷ്ട്ര പദവി നൽകുക.
8. റോഡ് സെസ്സിൽനിന്നും സംസ്ഥാനത്തിന് അർഹമായ വിഹിതം നൽകുക.
9. നിലമ്പൂർ-നഞ്ചൻകോട് റയിൽപാത അനുവദിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

10. കേരളത്തിന് പ്രത്യേകമായി 'റെയിൽവേ സോൺ' അനുവദിക്കുക.

11. നെടുമ്പാശ്ശേരിയിൽ ഒരു പുതിയ റെയിൽവേ സ്റ്റേഷൻ നിർമ്മിക്കുക.

ഇക്കാര്യങ്ങൾ എം. പി.-മാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും 2-7-2004-ൽ നടന്ന എം. പി.-മാരുടെ സമ്മേളനത്തിൽ ചർച്ച ചെയ്യുകയും ചെയ്തിരുന്നു.

പൊതുമിനിമം പരിപാടി

2 [3371] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുമിനിമം പരിപാടി സംസ്ഥാന സർക്കാരിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുമിനിമം പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിലേക്ക് കേന്ദ്ര സർക്കാരുമായി എന്തെങ്കിലും ചർച്ച സംസ്ഥാന സർക്കാർ നടത്തി വരുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) പുതിയ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പൊതുമിനിമം പരിപാടി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ നടപ്പിലാക്കുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി പ്രത്യേക ചർച്ചകളൊന്നും നടത്തിയിട്ടില്ല.

ബഡ്ജറ്റിലെ പുതിയ നികുതി നിർദ്ദേശങ്ങൾ

3 [3372] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ധനകാര്യമന്ത്രി 2004-05-ലേക്ക് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിലെ പുതിയ നികുതി നിർദ്ദേശങ്ങൾ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിത നിർദ്ദേശങ്ങളും കേരളത്തെ സംബന്ധിച്ച് എന്തുമാത്രം ഗുണകരമായിരിക്കുമെന്ന് വിലയിരുത്തുകയുണ്ടായോ;

(ബി) എങ്കിൽ നേട്ടങ്ങളും കോട്ടങ്ങളും സംബന്ധിച്ച വിലയിരുത്തലിന്റെ വിശദാംശം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര നികുതി ഇനത്തിൽ തന്നാണ്ടിൽ സംസ്ഥാനത്തിന് എന്തു മാത്രം വർദ്ധനവ് ഉണ്ടാകും;

LIBRARY ARCHIVES Kerala Legislative Assembly